# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


| തിരുവനന്തപുരം | **പത്രക്കുറിപ്പ്** | 2010 മെയ് 18 |
|---|---|---|

# വൈദ്യുതി നിരക്ക് ഉയർത്തേണ്ടതില്ല: റെഗുലേറ്ററി കമ്മീഷൻ

നടപ്പു സാമ്പത്തിക വർഷം വൈദ്യുതി നിരക്ക് ഉയർത്തേണ്ട ഒരു സാഹചര്യവും നിലവിലില്ലെന്നു നിരീക്ഷിച്ച സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിലവിലുള്ള സ്ഥിതി തുടരാൻ ഉത്തരവിട്ടു. ഇലക്ട്രിസിറ്റി ബോർഡ് സമർപ്പിച്ച 2010-11 വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്-ചെലവ് (ARR-ERC) കണക്ക് വിവിധ തലങ്ങളിൽ വിശദമായി പരിശോധിച്ചശേഷമാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിലേക്ക് ഉപഭോക്താക്കളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും തെളിവെടുപ്പും വിദഗ്ധ വിശകലനങ്ങളും കമ്മീഷൻ നടത്തിയിരുന്നു.

ബോർഡ് സമർപ്പിച്ച കണക്കിൽ 2219.60 കോടി രൂപ യുടെ റവന്യൂ കമ്മിയാണ് അവകാശപ്പെട്ടിരുന്നത്. എന്നാൽ ഇത് യാഥാർത്ഥ്യ ബോധത്തോടുകൂടിയതല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ബോർഡിന്റെ കണക്ക് അംഗീകരിക്കുന്ന പക്ഷം വൈദ്യുതി നിരക്കിൽ 45% വർദ്ധന അനിവാര്യമായി വരും. എന്നാൽ, റവന്യൂകമ്മി 457.47 കോടി രൂപ മാത്രമാണെന്നും കമ്മീഷൻ കണ്ടെത്തി. ബോർഡ് സമർപ്പിച്ച കണക്കിൽ 5284.38 കോടി രൂപയുടെ വരവാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഫ്യൂവൽ സർച്ചാർജ്ജായി ബോർഡ് പിരിച്ചെടുക്കുന്ന 190 കോടി കൂടി ചേരുമ്പോൾ വരവ് ഈ വർഷം 5474.38 കോടിയായി ഉയരുമെന്ന് കമ്മീഷൻ കണക്കാക്കി. ദ്രവ ഇന്ധനം ഉപയോഗിച്ച് വൈദ്യുതി ഉല്പാദനം നടത്തുന്ന സ്ഥാപനങ്ങളെ കൂടുതലായി ആശ്രയിക്കാതെ വൈദ്യുതി വിപണിയിൽ നിന്ന് മത്സരാധിഷ്ഠിത ഉടമ്പടികളിലൂടെ കൂടുതൽ വൈദ്യുതി ശേഖരിക്കുന്ന കാര്യം പരിഗണിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

2006-07 -ൽ കമ്മീഷൻ നിശ്ചയിച്ച മിച്ച വരുമാനമായ 1035.85 കോടി രൂപയിൽ നിന്ന് 2009-10 ലെ 153.94 കോടിയുടെ കമ്മിയും, 2003-04, 2004-05 വർഷങ്ങളിലേക്ക് അധികമായി അനുവദിച്ച കമ്മി 73.87 കോടിയും തട്ടിക്കിഴിക്കാവുന്നതാണ്. ഇതിൽ നിന്ന് നടപ്പു വർഷത്തെ കമ്മിയായ 457.47 കോടി കൂടി തട്ടിക്കഴിച്ചാലും ബോർഡിന് 350.57 കോടി രൂപ മിച്ചം ഉണ്ടാകുന്നതാണ്. ഇതിനും പുറമെ 2005-06 കാലം മുതൽ ഡ്യൂട്ടിയായി പിരിച്ചെടുത്ത 1000 കോടിയിലധികം രൂപ ഗവൺമെന്റിന് നൽകാതെ ബോർഡിന്റെ കൈവശം ഉള്ളതായും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള സാഹചര്യമില്ലെന്ന് കമ്മീഷൻ കണ്ടെത്തിയത്.

ബോർഡ് സമർപ്പിച്ച ചെലവ് കണക്കിലും സാമ്പത്തിക മാനേജ്മെന്റ് സമീപനം പുലർത്തുന്നില്ലെന്ന് കമ്മീഷൻ കണ്ടെത്തി. 7503.98 കോടിയുടെ ചെലവാണ് ഈ സാമ്പത്തിക വർഷത്തിലേക്ക് ബോർഡ് സമർപ്പിച്ചത്. എന്നാൽ മികച്ച സാമ്പത്തിക മാനേജ്മെന്റിലൂടെ ഇത് 5931.85 കോടി രൂപ യായി കുറയ്ക്കാനാകുമെന്ന് കമ്മീഷൻ വിലയിരുത്തി. മൂലധന ഇക്വിറ്റി ക്കുള്ള റിട്ടേൺ എന്ന നിലയിൽ ബോർഡ് ചെലവിൽ ഉൾപ്പെടുത്തിയ 286.99 കോടി രൂപ കമ്മീഷൻ അനുവദിച്ചില്ല. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജന റൽ ഓഫ് ഇന്ത്യ, ബോർഡിന്റെ അക്കൗണ്ടിൽ ഇക്വിറ്റി ഇല്ലെന്നു നിരീക്ഷിച്ച തിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ റിട്ടേൺ അനുവദിക്കാതിരുന്നത്. റിട്ടേൺ എന്ന നിലയിലല്ലെങ്കിലും ടോക്കൺ എന്ന നിലയിൽ 100 കോടി രൂപ കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. ഇക്വിറ്റിയെത്രയാണെന്ന് യുക്തിസഹ മായി ബോധ്യപ്പെടുത്താൻ ബോർഡിനു കഴിഞ്ഞാൽ റിട്ടേൺ അനുവദി ക്കുന്ന കാര്യം പരിശോധിക്കാമെന്നും കമ്മീഷൻ ഉത്തരവിൽ വ്യക്തമാക്കി യിട്ടുണ്ട്. തേയ്മാനച്ചെലവ് കണക്കുകൾ പ്രത്യേക പരിശോധനക്ക് ശേഷം പുനർനിർണ്ണയം നടത്തുന്നതാണ്.

ബോർഡിന് പല മേഖലകളിലും കൂടുതൽ മികവ് പുലർത്താനാകു മെന്ന് കമ്മീഷൻ വ്യക്തമാക്കി. വൈദ്യുതി വാങ്ങുന്നതിൽ, ഉൽപാദകരു മായി ഹ്രസ്വകാല, ദീർഘകാല മത്സരാധിഷ്ഠിതകരാറുകൾ രൂപപ്പെടു ത്തുന്നതിന്റെ സാദ്ധ്യതകളും ബോർഡ് പ്രയോജനപ്പെടുത്തണമെന്ന് കമ്മീ ഷൻ നിർദ്ദേശിക്കുന്നു.

കമ്മിഷന്റെ ഉത്തരവ് www.erckerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്
**സെക്രട്ടറി**